## അധ്യായം 92
# അല്ലൈൽ
അവതരണം മക്കയിൽ, വചനങ്ങൾ 21

**അധ്യായ പരിചയം:**

പ്രവാചകൻ മുഹമ്മദിൻെറ മക്കാജീവിതത്തിൻെറ ആദ്യനാളുകളിൽ അവതരിച്ച അധ്യായമാണിത്. അഥവാ, പ്രവാചകത്വത്തിൻെറ പ്രാരംഭഘട്ടത്തിൽ അവതരിച്ചത്.

മനുഷ്യൻ തൻെറ ജീവിതനയമായി കൈക്കൊള്ളുന്ന സരണികളിലെ വ്യത്യാസങ്ങളെയും അവയുടെ പരിണതികളെയും തുറന്നുകാണിക്കുകയാണ് ഈ അധ്യായത്തിലൂടെ ചെയ്യുന്നത്.

മനുഷ്യരുടെ കർമങ്ങളെ നയിക്കുന്നത് അവരുടെ ദേഹേഛയും മറുഭാഗത്ത് ധാർമികബോധവുമാണെങ്കിൽ അവയുടെ പരിണതികളും നേർവിപരീതങ്ങളായിരിക്കും. ദേഹേഛകളിൽനിന്ന് ഉരുവം കൊള്ളുന്ന കർമസരണി അവനെയും ലോകത്തെയും പരാജയത്തിലേക്കും ധാർമികമൂറകളിൽനിന്ന് ഉരുവം കൊള്ളുന്നവ വിജയത്തിലേക്കുമാണ് എത്തിക്കുക. ദാനശീലവും ജീവിതവൃത്തികളിൽ ദൈവഭക്തിയും നല്ലതിനു നേരെയുള്ള ക്രിയാത്മക സമീപനവുമാണ് മനുഷ്യരെ വിജയത്തിലേക്ക് നയിക്കുന്ന ധാർമികമൂറകൾ.

മറുവശം പിശുക്ക്, നല്ലതിനെ കളവാക്കിത്തള്ളൽ, സ്വയം വലിയവനായി ചമഞ്ഞ് അഹങ്കരിക്കൽ എന്നിവ മനുഷ്യനെ പരാജയത്തിലേക്ക് നയിക്കുന്ന സമീപനങ്ങളാണ്. ഇവ രണ്ടും എല്ലാ നിലക്കും പരസ്പര വിരുദ്ധങ്ങളാണ്.

ആദ്യത്തെ ജീവിതശീലങ്ങളെ മുറുകെ പിടിക്കുന്നവർക്ക് സ്രഷ്ടാവ് സുഖമുള്ള ജീവിതസരണിയാണ് നല്കുക. അവർക്കാണ് വിജയം. രണ്ടാമത്തെ കർമമാർഗം സ്വീകരിക്കുന്നവർക്ക് ക്ലേശകരമായ ജീവിതസരണിയാണ് നല്കുക.

അതിനാൽ സ്വന്തം വിജയം ഉറപ്പാക്കുന്നതിനുവേണ്ടി ഏത് ജീവിതനയം സ്വീകരിക്കണമെന്ന് തീരുമാനിക്കേണ്ടത് ഓരോരുമാണ്. അവനവൻെറ തെരഞ്ഞെടുപ്പാണ് അവനെ ഉന്നതനും വിജയിയുമാക്കുന്നത്.

**അർഥം:**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

| | | |
|---|---|---|
| രാവാണ് സത്യം | വല്ലൈലി | وَاللَّيْلِ |
| അത് ഇരുൾ മൂടിയാൽ | ഇദാ യഗ്ശാ | إِذَا يَغْشَى |
| പകലാണ് സത്യം | വന്നഹാരി | وَالنَّهَارِ |
| അത് പ്രകാശമാനമാകുമ്പോൾ | ഇദാ തജല്ലാ | إِذَا تَجَلَّى |
| സൃഷ്ടിച്ചവനാണ് സത്യം | വമാ ഖലക | وَمَا خَلَقَ |
| ആണിനെയും | അദ്ദകറ | الذَّكَرَ |
| പെണ്ണിനെയും | വൽഉൻഥാ | وَالْأُنثَى |
| തീർച്ചയായും നിങ്ങളുടെ കർമങ്ങൾ | ഇന്ന സഅ്യക്കും | إِنَّ سَعْيَكُمْ |

| | | |
|---|---|---|
| വിവിധങ്ങളാകുന്നു | ലശത്താ | لَشَتَّى |
| എന്നാൽ | ഫഅമ്മാ | فَأَمَّا |
| ആർ ദാനം നല്കുന്നുവോ | മൻ അഅ്ത്വാ | مَن أَعْطَى |
| സൂക്ഷിക്കുകയും ചെയ്യുന്നുവോ | വത്തഖാ | وَاتَّقَى |
| സത്യപ്പെടുത്തുകയും | വസ്വദ്ദഖ | وَصَدَّقَ |
| നല്ലതിനെ | ബിൽ ഹുസ്നാ | بِالْحُسْنَى |
| അവന് നാം എളുപ്പമാക്കി കൊടുക്കും | ഫസനുയസ്സിറുഹു | فَسَنُيَسِّرُهُ |
| എളുപ്പത്തിലേക്കുള്ള വഴി | ലിൽ യുസ്റാ | لِلْيُسْرَى |
| എന്നാൽ | വഅമ്മാ | وَأَمَّا |
| ആരെങ്കിലും പിശുക്കുകയും | മൻ ബഖില | مَن بَخِلَ |
| സ്വയംപര്യാപ്തി നടിക്കുകയും | വസ്തഗ്നാ | وَاسْتَغْنَى |
| കളവാക്കുകയും ചെയ്താൽ | വകദ്ദബ | وَكَذَّبَ |
| നല്ലതിനെ | ബിൽഹുസ്നാ | بِالْحُسْنَى |
| അവന് നാം എളുപ്പമാക്കി കൊടുക്കും | ഫസനുയസ്സിറുഹു | فَسَنُيَسِّرُهُ |
| പ്രയാസത്തിലേക്കുള്ള വഴി. | ലിൽ ഉസ്റാ | لِلْعُسْرَى |
| എന്ത് പ്രയോജനം ചെയ്യും? | വമാ യുഗ്നീ | وَمَا يُغْنِي |
| അവന് | അൻഹു | عَنْهُ |
| അവൻെറ ധനം | മാലുഹു | مَالُهُ |
| അവൻ നശിക്കുമ്പോൾ | ഇദാ തറദ്ദാ | إِذَا تَرَدَّى |
| തീർച്ചയായും നമ്മുടെ ബാധ്യതയാണ് | ഇന്ന അലൈനാ | إِنَّ عَلَيْنَا |
| നേർമാർഗം കാണിക്കൽ | ലൽ ഹുദാ | لَلْهُدَى |
| തീർച്ചയായും നമ്മുടെ അധികാരത്തിലാണ് | വഇന്ന ലനാ | وَإِنَّ لَنَا |
| പരലോകവും | ലൽ ആഖിറത്ത | لَلْآخِرَةَ |
| ഇഹലോകവും | വൽ ഊലാ | وَالْأُولَى |

| | | |
|---|---|---|
| അതിനാൽ, ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പ് നല്കുന്നു | ഫഅൻദർത്തുകും | فَأَنذَرْتُكُمْ |
| നരകം | നാറൻ | نَارًا |
| കത്തിയാളുന്ന | തലള്ളാ | تَلَظَّى |
| കടന്ന് വെന്തെരിയുകയില്ല | ലാ യസ്‌ലാഹാ | لَا يَصْلَاهَا |
| ദൗർഭാഗ്യവാനല്ലാതെ | ഇല്ലൽ അശ്ഖാ | إِلَّا الْأَشْقَى |
| അവനോ, കളവാക്കിയവൻ | അല്ലദീ കദ്ദബ | الَّذِي كَذَّبَ |
| പിന്തിരിഞ്ഞവനും | വതവല്ലാ | وَتَوَلَّى |
| അകറ്റപ്പെടുക തന്നെ ചെയ്യും | വസയുജന്നബുഹാ | وَسَيُجَنَّبُهَا |
| ഭക്തി പുലർത്തിയവൻ | അൽ അത്ഖാ | الْأَتْقَى |
| നല്കിയവൻ | അല്ലദീ യുഅ്തീ | الَّذِي يُؤْتِي |
| തൻെറ ധനം | മാലുഹു | مَالَهُ |
| സംസ്കരണം നേടുന്നതിന് | യതസക്കാ | يَتَزَكَّى |
| ആർക്കുമില്ല | വമാ ലിഅഹദിൻ | وَمَا لِأَحَدٍ |
| തൻെറയടുക്കൽ | ഇൻദഹു | عِندَهُ |
| ഔദാര്യം | മിൻ നിഅ്മതിൻ | مِن نِّعْمَةٍ |
| പ്രത്യുപകാരം ചെയ്യേണ്ടതായ | തുജ്സാ | تُجْزَى |
| കാംക്ഷിച്ചുകൊണ്ടല്ലാതെ | ഇല്ലബ്തിഗാഅ | إِلَّا ابْتِغَاء |
| തൻെറ നാഥൻെറ പ്രീതി | വജ്ഹു റബ്ബിഹി | وَجْهِ رَبِّهِ |
| ഉന്നതനായ | അൽ അഅ്ലാ | الْأَعْلَى |
| തീർച്ചയായും അവൻ സംപ്രീതനാകുന്നതുമാണ്. | വലസൗഫ യർദാ | وَلَسَوْفَ يَرْضَى |

വചന വിശകലനം:

(١) وَاللَّيْلِ إِذَا يَغْشَى വല്ലൈലി ഇതാ യഗ്ശാ

രാവ് ഇരുൾമൂടിയാൽ അതിനെക്കൊണ്ട് സത്യം

(٢) وَالنَّهَارِ إِذَا تَجَلَّى വന്നഹാരി ഇതാ ജല്ലാഹാ

പകൽ പ്രകാശപൂർണമായാൽ അതിനെക്കൊണ്ടും സത്യം.

ഒന്നും രണ്ടും വചനങ്ങളിൽ മനുഷ്യന് സുപരിചിതമായ രണ്ട് സുവ്യക്ത പ്രകൃതിപ്രതിഭാസങ്ങളെക്കൊണ്ട് സത്യം ചെയ്യുകയാണ് അല്ലാഹു ചെയ്യുന്നത്. ഈ പ്രതിഭാസങ്ങൾ നേർവിപരീതങ്ങളും ഫലത്തിൽ വ്യത്യസ്ത പരിണതികൾ നല്കുന്ന സംഗതികളുമാണ്. ഒന്ന് കനത്ത ഇരുൾ നിറഞ്ഞതും അധ്വാനത്തിന് ശേഷം വിശ്രമിക്കാനുള്ള വേളയുമായാണ് ഒരുക്കപ്പെട്ടിട്ടുള്ളത്. അതെയവസരം പകൽ വെളിച്ചമുള്ളതും മനുഷ്യന് നല്ലതുപോലെ കാണുവാനും അധ്വാനിക്കുവാനും സാധിക്കുന്നു. അഥവാ, അധ്വാനത്തിനുള്ള വേളയായാണ് അല്ലാഹു അതിനെ സംവിധാനിച്ചിട്ടുള്ളത്.

ഇതുമാത്രമല്ല, രാവും പകലും മനുഷ്യജീവിതത്തിൽ ഉണ്ടാക്കുന്ന സ്വാധീനം. അത് എണ്ണമറ്റ പ്രകൃതിപരമായ സംവിധാനങ്ങളും ഉപകാരങ്ങളും ഭൂമിക്കും അതിലെ ജൈവിക ചംക്രമണത്തിനും നല്കുന്നുണ്ട്.

കാലം എന്ന് നാം പറയുന്ന സമയത്തിൻെറ അഥവാ ദിനത്തിൻെറ ഭാഗമാണെങ്കിൽ കൂടിയും തികച്ചും വ്യത്യസ്തമായ രണ്ട് പ്രതിഭാസങ്ങളാണ് രാവും പകലും. അത് സംവിധാനിച്ചതാകട്ടെ പ്രപഞ്ചസ്രഷ്ടാവായ അല്ലാഹുവാകുന്നു.

മനുഷ്യജീവിതത്തിൽ ആഴത്തിൽ സ്വാധീനം ചെലുത്തുന്ന ഈ പ്രതിഭാസങ്ങളെ പിടിച്ച് ആണയിട്ട് മറ്റൊരു പ്രതിഭാസത്തെക്കൂടി എടുത്തുപറയുന്നു.

---

وَمَا خَلَقَ الذَّكَرَ وَالأُنْثَى(٣) വമാ ഖലകദ്ദകറ വൽഉൻഥാ

ആണിനെയും പെണ്ണിനെയും സൃഷ്ടിച്ചവനാണ് സത്യം.

---

ഇത് ജൈവപ്രകൃതിയിൽ കാണുന്ന മറ്റൊരു പ്രതിഭാസമാണ്. ഭൂമിയിലുള്ള എല്ലാ വസ്തുക്കളെയും അല്ലാഹു ഇണകളായാണ് സൃഷ്ടിച്ചത്. ജീവികളുടെ നിലനില്പിനുള്ള അടിസ്ഥാന ഉപാധിയാണല്ലോ ഇണകളുടെ സംയോജനം. ആണും പെണ്ണുമടങ്ങുന്ന ഇണകളാണ് ഈ പ്രക്രിയയിലെ കണ്ണികൾ. അത്ഭുതകരമായ ഈ സംവിധാനം പ്രപഞ്ചസ്രഷ്ടാവായ അല്ലാഹുവിൻെറ മാത്രം കഴിവിൽപെട്ടതാണ്. അവൻെറ തന്നെ കഴിവുകളുടെ ദൃഷ്ടാന്തമായാണ് ഖുർആൻ അത് പ്രഖ്യാപിക്കുന്നത്.

ആണും പെണ്ണും സൃഷ്ടിപരമായി രണ്ട് പ്രകൃതിയോടു കൂടി സൃഷ്ടിക്കപ്പെട്ടവരാണ്. അതിനനുസരിച്ച കർമങ്ങളിലും അവർ വ്യത്യസ്ത ഉത്തരവാദിത്തമുള്ളവരാണ്. പ്രകൃതിപരമായി വൈജാത്യം പുലർത്തുന്ന ആണും പെണ്ണും എന്ന പ്രതിഭാസത്തെ പിടിച്ചും അല്ലാഹു സത്യം ചെയ്യുന്നു. അതിന് നിമിത്തമായ സംഗതിയിലേക്കാണ് അടുത്ത വചനം സൂചന നല്കുന്നത്.

---

إِنَّ سَعْيَكُمْ لَشَتَّى(٤) ഇന്ന സഅ്യകും ലശത്താ

തീർച്ചയായും നിങ്ങളുടെ കർമങ്ങൾ വ്യത്യസ്തങ്ങളാകുന്നു.

---

ഭൂമുഖത്ത് മനുഷ്യരുടെ കർമങ്ങളിലേക്കാണ് ഈ സൂചന. മനുഷ്യരുടെ കർമങ്ങൾ വ്യത്യസ്തമാകും വിധം അതിൻെറ പ്രചോദനവും പരിണതിയും വ്യത്യസ്തമാകുന്നു. രാവും പകലും ആണും പെണ്ണും പ്രകൃതിയിൽ ഏതുപോലെ വ്യത്യസ്തമാണോ അതുപോലെ വ്യത്യസ്തമാകുന്നു മനുഷ്യരുടെ കർമങ്ങളും അതിൻെറ പരിണതിയും. ചിലർ ദേഹേഛക്ക് വിധേയരായി ജീവിക്കുമ്പോൾ ചിലർ ദൈവികമായ മാർഗദർശനം അനുസരിച്ച് ജീവിക്കുന്നു. ചിലർ സമൂഹത്തിൽ തികഞ്ഞ അക്രമങ്ങളും അഴിഞ്ഞാട്ടവും നടത്തുകയും അതിൻെറ പരിണതി സമൂഹത്തിന് ദോഷകരമാവുകയും അവനവൻ തന്നെ അതിൻെറ ദുരിതം അനുഭവിക്കുകയും ചെയ്യുമ്പോൾ മറുഭാഗം സമൂഹത്തിൽ സത്യത്തിലും നീതിയിലും അധിഷ്ഠിതമായി ജീവിക്കുകയും സമൂഹം സദ്ഫലം അനുഭവിക്കുകയും ചെയ്യുന്നു. ഇത് രണ്ടും രാവും പകലും പോലെ രൂപത്തിലും ഭാവത്തിലും ഫലത്തിലും പരിണതിയിലും വ്യത്യസ്തമായ കർമങ്ങളാകുന്നു. ചിലർ ജീവിതമാർഗമായി തിരഞ്ഞെടുക്കുന്നത് നേർമാർഗമാണ്. ചിലർ ദുർമാർഗവും അതിൽ അധിഷ്ഠിതമായ വഴികളുമാകുന്നു. ഇതാണ് മനുഷ്യരുടെ കർമങ്ങൾ വ്യത്യസ്തമാകുന്നു എന്ന് പറയാനുള്ള കാരണം. ഇതിൽ

ആർ നന്മയുടെ മാർഗം തിരഞ്ഞെടുക്കുകയും അതിനനുസരിച്ച കർമം ചെയ്യുകയും ചെയ്യുന്നുവോ അവരാണ് വിജയികൾ. നേർവിപരീത മാർഗം തിരഞ്ഞെടുക്കുന്നവരാകട്ടെ തീർത്തും പരാജിതരുമായിരിക്കും.

---

(٥) فَأَمَّا مَنْ أَعْطَى وَاتَّقَى ഫഅമ്മാ മൻ അഅ്ത്വാ വത്തഖാ

എന്നാൽ വല്ലവനും ദാനധർമങ്ങൾ അനുഷ്ഠിക്കുകയും ഭക്തി കൈക്കൊള്ളുകയും ചെയ്യുന്നുവോ

(٦) وَصَدَّقَ بِالْحُسْنَى വസ്വദ്ദഖ ബിൽ ഹുസ്നാ

നല്ലതിനെ സത്യപ്പെടുത്തുകയും ചെയ്യുന്നുവോ

---

ഇത് രണ്ടും നന്മയുടെ വിജയത്തിൻെറയും അടയാളങ്ങളാകുന്നു. അഥവാ വിജയത്തിൻെറ അടിസ്ഥാന കാര്യങ്ങളായി എണ്ണിപ്പറഞ്ഞ ഈ ഗുണങ്ങൾ ഭൂമിയിൽ മനുഷ്യജീവൻെറ ഉന്നതിക്കുള്ള മുഖമുദ്രയാണ്.

അതിൽ പ്രധാനമാണ് ദൈവത്തോട് ഭക്തിപുലർത്തുകയും ദാനധർമങ്ങളിൽ ഏർപ്പെടുകയും നല്ലതെന്ന് തൻെറ ബുദ്ധിയും പ്രകൃതിപ്രതിഭാസങ്ങളും ഉൾക്കാഴ്ചയുള്ളവരും ബോധ്യപ്പെടുത്തിക്കൊടുത്ത സംഗതികളെ സത്യപ്പെടുത്തി പിൻപറ്റുകയും ചെയ്യുകയെന്നത്.

ഭക്തി കൈക്കൊള്ളുവാനാണ് ചരിത്രത്തിൽ നിയുക്തരായ ഓരോ പ്രവാചകനും തൻെറ അനുയായികളോട് അനുശാസിച്ചിരുന്നത്. ദൈവഭക്തിയാണ് ജീവിതവിശുദ്ധിയുടെ അടയാളം. ജീവിതവിശുദ്ധി കൈക്കൊള്ളാതെ ആർക്കും സംസ്കൃതനാകുക സാധ്യമല്ല. സംസ്കൃതനാകുന്നതിൻെറ പ്രത്യക്ഷ അടയാളമാകുന്നു ദാനധർമങ്ങളിൽ ഏർപ്പെടുകയെന്നത്. അതിനാകട്ടെ സമൂഹത്തോട് സമഭാവന പുലർത്താനുള്ള ബോധം അനിവാര്യമാണ്. അത്തരം ആളുകളുടെ ലക്ഷണമാണ് നല്ലതിനെ പിൻപറ്റൽ.

മനുഷ്യൻ സന്മാർഗനിഷ്ഠയോടെ ജീവിക്കുവാൻ ഒട്ടേറെ കാര്യങ്ങൾ സ്രഷ്ടാവ് ഈ പ്രപഞ്ചത്തിൽ നിക്ഷേപിച്ചിട്ടുണ്ട്. സ്വബുദ്ധി കൊണ്ട് അവയെ കണ്ടെത്തുന്നതോടൊപ്പം പ്രവാചകന്മാരും ഉൾക്കാഴ്ചയോടെ ദൈവികസന്മാർഗത്തിനൊത്ത് ജീവിക്കുന്നവരുമായ ആളുകൾ കണിച്ചുകൊടുക്കുന്ന വഴി അനുസരിച്ച് ജീവിക്കുകയെന്നത് നല്ലതിനെ സത്യപ്പെടുത്തുന്നതിൻെറ അടയാളമാകുന്നു.

നല്ലതിനെ സത്യപ്പെടുത്തിയും അതിനെ അംഗീകരിച്ചും ജീവിക്കുകയാണ് മനുഷ്യരുടെ പ്രഥമ ബാധ്യത. അവരുടെ ഇഹ-പര ജീവിതത്തിൻെറ വിജയത്തിനുള്ള ഉപാധിയായി നിശ്ചയിച്ചതാണ് ആ മാർഗം.

---

(٧) فَسَنُيَسِّرُهُ لِلْيُسْرَى ഫസനുയസ്സിറുഹു ലിൽ യുസ്റാ

അവന് നാം എളുപ്പത്തിലേക്ക് വഴി നയിക്കും.

---

അഥവാ അവൻെറ ജീവിതവിജയത്തിന് ഉതകുന്ന എന്തെല്ലാം സംഗതികളുണ്ടോ അവയുടെ പൂർത്തീകരണം പ്രയാസമില്ലാതെ അനുഷ്ഠിക്കുവാൻ പര്യാപ്തമായ വിധത്തിൽ അവൻെറ മനസ്സിൽ നന്മയുടെ ആചരണം എളുപ്പമാക്കിക്കൊടുക്കും എന്നർഥം. അവന് നല്ലത് അംഗീകരിക്കുവാനും അതിൻെറ കർമങ്ങളിൽ ഏർപ്പെടുവാനും ഒരു തരത്തിലുമുള്ള പ്രതിസന്ധികളും ഉണ്ടായിരിക്കുന്നതല്ല. സ്വബുദ്ധി ഉപയോഗിച്ച് നല്ലത് കണ്ടെത്തുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവർക്ക് ആ മാർഗത്തിൽ കൂടി ജീവിതകാലം മുഴുവൻ മുന്നോട്ട് പോകാനുള്ള വിശാലത അവർക്ക് നല്കും. പ്രസ്തുത ജീവിതരീതികളോടോ മാർഗത്തോടോ അവർക്ക് ഒരുതരത്തിലുമുള്ള വിമ്മിട്ടവും ഉണ്ടാവുകയില്ല. മരണം വരെ നീണ്ടുനില്ക്കുന്ന ഈ ജീവിതം ഒടുവിൽ അവർക്ക് സ്വർഗപ്രവേശനത്തിനും നിദാനമായി വർത്തിക്കുന്നതാണ്.

(٨) وَأَمَّا مَنْ بَخِلَ وَاسْتَغْنَى  വഅമ്മാ മൻ ബഖില വസ്ഗ്നാ

എന്നാൽ പിശുക്കുകയും സ്വയം പര്യാപ്തി നടിക്കുകയും

(٩) وَكَذَّبَ بِالْحُسْنَى  വകദ്ദബ ബിൽ ഹുസ്നാ

നല്ലതിനെ കളവാക്കുകയും ചെയ്താൽ

മനുഷ്യന് നല്കപ്പെട്ട അനുഗ്രഹങ്ങളൊന്നും തന്നെ അവന്റേത് സ്വന്തമല്ല. അവയുടെ അവകാശി സ്രഷ്ടാവ് മാത്രമാണ്. പരീക്ഷണം എന്ന നിലക്ക് മാത്രമാണ് അവൻ മനുഷ്യർക്കവ നല്കിയിട്ടുള്ളത്. മനുഷ്യനാകട്ടെ, ദൈവത്തിന്റെ ഇംഗിത പ്രകാരം അത് കൈകാര്യം ചെയ്യുന്ന കൈകാര്യകർത്താവ് മാത്രമാകുന്നു.

എന്നാൽ അവൻ നല്കിയ ധനം തന്റെ ഭൗതിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതോടൊപ്പം മരണശേഷമുള്ള തന്റെ വിമോചനത്തിന് ഉപകരിക്കുന്ന വിധം അത് ചെലവഴിക്കണമെന്നാണ് ദൈവത്തിന്റെ താല്പര്യം.

ഈ താല്പര്യപൂർത്തീകരണത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ് ധനം പിശുക്കിവെക്കാതെ ആവശ്യക്കാർക്കും അവകാശികൾക്കും അഗതികൾക്കും ബന്ധുക്കൾക്കും നല്കുകയെന്നത്. അഥവാ, ധനം ഒരിക്കലും പിശുക്കുവാനുള്ളതല്ല. കാരണം, മനുഷ്യൻ തന്റെ ധനത്തിന്റെ യജമാനനല്ല, ദൈവം ഔദാര്യം ചെയ്തതിനാൽ ധാനഢ്യനായവനാണ്.

തനിക്ക് കൈവന്ന ധനത്തിന്റെ പേരിൽ ഒരിക്കലും അഹങ്കരിക്കുന്നതും താൻ എല്ലാം തികഞ്ഞവനാണെന്ന് നിഗളിക്കുന്നത് ദൈവധിക്കാരമാകുന്നു. ദൈവം ഒരിക്കലും അത് പൊറുക്കുകയില്ല.

ധനത്തിന്റെ പേരിലുള്ള അഹങ്കാരത്തിന്റെ സ്വാഭാവികതയാകുന്നു സത്യത്തെ നിരാകരിക്കലും അതിനെ കളവാക്കിതള്ളലും. ഈ അഹങ്കാരം സ്രഷ്ടാവ് പൊറുക്കുകയില്ല.

മുകളിൽ സൂചിപ്പിച്ച രണ്ട് വചനങ്ങളും ഈ സത്യമാണ് നമ്മെ ബോധ്യപ്പെടുത്തുന്നത്. ഈ സ്വഭാവം വെച്ചുപുലർത്തുന്നവർക്ക് അല്ലാഹുവിന്റെ അനുഗ്രഹം ഇല്ലാതിരിക്കുകയെന്നതാണ് വലിയ വിപത്ത്. അതിൽ പ്രധാനമാണ് അടുത്ത വചനത്തിൽ വ്യക്തമാക്കുന്നത്.

(١٠) فَسَنُيَسِّرُهُ لِلْعُسْرَى  ഫസനുയസ്സിറുഹു ലിൽ ഉസ്റാ

ഏറ്റവും പ്രയാസത്തിലേക്കുള്ള വഴി നാം അവന് എളുപ്പമാക്കിക്കൊടുക്കും.

അഥവാ തന്റെ സന്മാർഗലബ്ധിക്കും പരലോകവിമോചനത്തിനും ഉതകുന്ന കാര്യങ്ങൾ ഉൾക്കൊള്ളുവാനും അംഗീകരിക്കുവാനും അതനുസരിച്ച് ജീവിക്കുവാനുമുള്ള ഉതവി അവന് നല്കപ്പെടുന്നതല്ല. പകരം തന്റെ ദുർമാർഗത്തിനും പരലോക പരാജയത്തിനും ഉതകുന്ന ദുഷിച്ച കാര്യങ്ങളായിരിക്കും അവന് ഏറെ പ്രിയവും അനുഷ്ഠാനത്തിൽ വരുത്താൻ എളുപ്പമുള്ളതുമാക്കിക്കൊടുക്കുക. കാരണം, അവൻ സ്വയം തന്നെ അത് തിരഞ്ഞെടുക്കുകയായിരുന്നല്ലോ. അക്കാര്യത്തിൽ അല്ലാഹു അവന്റെ മേൽ ഒരു വിധത്തിലും നന്മ തിരഞ്ഞെടുക്കാൻ നിർബന്ധിക്കുകയില്ല.

ഭൗതികലോക ചുറ്റുപാടിൽ ഈ കാഴ്ച ദിനേന കാണാവുന്നതാണ്. ബുദ്ധി ശക്തിയും ധനവും മറ്റു ഭൗതികചുറ്റുപാടുകളുമൊക്കെ ഉണ്ടായാൽ തന്നെയും ജീവിതത്തിൽ സമാധാനമോ സ്വസ്ഥതയോ ഇല്ലാത്ത ചുറ്റുപാടിലും ദൈവവിരോധമുള്ള രീതിയിലും ജീവിക്കുന്നവരാണ് ഏറെ പേരും. ജീവിതത്തിൽ സമാധാനം നേടിത്തരുന്നതു പോകട്ടെ മരണശേഷം ഒരു ഉപകാരവും പ്രസ്തുത ധനം നേടിത്തരാത്ത വിധം ചീത്ത ചുറ്റുപാടിലും കൂട്ടുകെട്ടിലും ഭൗതികപ്രമത്തർ വരച്ചുകാണിക്കുന്ന ജീവിതരീതിയിലും ജീവിക്കുവാനാണ് പലരും ഒരുമ്പേടാറുള്ളത്.

ഇത്തരക്കാരെ അവർ സ്വന്തം താല്പര്യം മുൻനിറുത്തി തെരഞ്ഞെടുക്കുന്ന ജീവിത രീതിയിൽ ജീവിക്കാൻ സ്രഷ്ടാവ് അവർക്ക് സ്വാതന്ത്ര്യം നല്കിയിരിക്കുന്നു. അവ

രുടെ മേൽ ഒരുവിധത്തിലുമുള്ള നിർബന്ധവും ചെലുത്തുന്നില്ല. പിശാചാകട്ടെ, അവർക്ക് അവരുടെ കർമങ്ങൾ കൂടുതൽ അലങ്കാരമാക്കിക്കൊടുക്കുകയും നല്ല കാര്യങ്ങൾ അരോചകമാക്കിക്കൊടുക്കുകയും ചെയ്യും.

നിർബാധം തെറ്റിലും പൈശാചികവൃത്തിയിലും വിഹരിക്കുകയെന്നതാണ് പിന്നീട് അവരുടെ മുമ്പിലുണ്ടാകുന്ന ജീവിതരീതി.

---

وَمَا يُغْنِي عَنْهُ مَالُهُ إِذَا تَرَدَّى(١١) വമാ യുഗ്നീ അൻഹു മാലുഹു ഇദാ തറദ്ദാ

അവൻ നശിക്കുമ്പോൾ തൻെറ ധനം എന്ത് ഉപകാരമാണ് അവന് ചെയ്യുക?

---

ഈ ആശയം ഖുർആൻ പല സ്ഥലങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്. ബുദ്ധിയും ധനം അടക്കമുള്ള ഭൗതികസംവിധാനങ്ങളും ഉണ്ടായിട്ടും അതൊന്നും തൻെറ നേർമാർഗത്തിനും ദൈവികകോപത്തിൽനിന്ന് രക്ഷപ്പെടുന്നതിനും ഉപയോഗിക്കാതെ, പിശാചിൻെറയും ദേഹേഛയുടെയും വികാരങ്ങൾക്ക് വിധേയമായി ജീവിച്ചു മരിച്ച വർ പരലോകത്ത് ശിക്ഷ കൺമുമ്പിൽ കാണുമ്പോൾ അതിൽനിന്ന് മോചനം നേ ടാൻ തൻെറ സന്താനങ്ങളടക്കമുള്ള സകല ധനവും അത്രത്തോളം വേറെയും പ്രായശ്ചിത്തമായി നല്കാൻ തയാറായേക്കും. എന്നാൽ അവനിൽനിന്ന് ഒരിക്കലും അത് സ്വീകരിക്കപ്പെടുകയില്ല. കാരണം, ധനത്തിൻെറ പേരിൽ അഹങ്കരിക്കുകയും സത്യത്തെ നിരാകരിക്കുകയും ചെയ്തവരാണവർ.

ധനം ദൈവം നല്കിയ ഔദാര്യമാണെങ്കിലും അത് തനിക്ക് തന്നെ എതിർസാക്ഷിയായി വരാതിരിക്കാൻ ധനത്തെ ദൈവാഭീഷ്ടത്തിനനുസരിച്ച് വ്യയം ചെയ്യുകയും ഈ ലോകത്ത് ദൈവത്തിൻെറ ജീവിതവ്യവസ്ഥയനുസരിച്ച് ജീവിക്കുകയുമാണ് വേണ്ടത്. അത് മാത്രമാണ് ഈ ലോകത്ത് മനുഷ്യന് ചെയ്യാനുള്ള ഏക കർത്തവ്യം. അതിന് വിരുദ്ധമായ ജീവിതത്തിൻെറ പരിണതിയാണ് പരലോകശിക്ഷ. അതിൽ നിന്നുള്ള മോചനത്തിന് ഭൗതികമായതൊന്നും ഉപകരിക്കുകയില്ല, ഈ ലോകത്ത് വെച്ച് നാം കൈക്കൊണ്ട ഏകദൈവവിശ്വാസവും സദ്കർമങ്ങളുമല്ലാതെ.

---

إِنَّ عَلَيْنَا لَلْهُدَى(١٢) ഇന്ന അലൈനാ ലൽ ഹുദാ

നേർമാർഗം കാണിച്ചുകൊടുക്കൽ നമ്മുടെ ബാധ്യതയാകുന്നു.

---

ദുർമാർഗവും സന്മാർഗവും വേർതിരിച്ചു കാണിക്കുകയും ഓരോന്നിൻെറയും പരിണതികൾ വിവരിച്ചുകൊടുക്കുകയും ചെയ്യേണ്ടത് ഏകദൈവത്തിൻെറ കടമയാകുന്നു. അതവൻ യഥാവിധം ചെയ്യുകയുണ്ടായി. “നാം അവന് രണ്ട് മാർഗങ്ങൾ കാണിച്ചുകൊടുത്തു” എന്ന് ഖുർആൻ അതെപ്പറ്റി വ്യക്തമാക്കിയിട്ടുണ്ട്.

അടിമ തൻെറ പ്രീതിയിലേക്ക് വന്നെത്തണമെന്നാണ് സ്രഷ്ടാവിൻെറ കാരുണ്യം. അതിലേക്കുള്ള വഴി ഏതെന്ന് വ്യക്തമാക്കുക അവൻെറ കാരുണ്യത്തിൻെറ ഭാഗമാകുന്നു. അതിനായി പ്രവാചകന്മാർ, വിവിധങ്ങളായ ദൃഷ്ടാന്തങ്ങൾ തുടങ്ങി പല സംവിധാനങ്ങളും അവൻ ഈ ലോകത്ത് ചെയ്തുവെച്ചിട്ടുണ്ട്.

ദൈവപ്രീതിക്കും പരലോകമോക്ഷത്തിനും നിദാനം ദൈവികമാർഗദർശനത്തിനനുസൃതമായി ജീവിക്കലാകുന്നു. അത് മനുഷ്യൻെറ ബാധ്യതയാകുന്നു. എന്നാൽ സന്മാർഗലബ്ധിയിൽ മനുഷ്യരുടെ താല്പര്യങ്ങൾക്കതിൽ കാര്യമില്ല. ആരെ നേർമാർഗത്തിലാക്കണം എന്ന് നിശ്ചയിക്കുന്നത് ദൈവമാകുന്നു.

ഇത് കാര്യകാരണബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ള നിശ്ചയമാകുന്നു.ആരെ നേർമാർഗത്തിലാക്കണം ആരെ ദുർമാർഗത്തിലാക്കണം എന്നത് ദൈവിക നിശ്ചയമാണെങ്കിലും മനുഷ്യരുടെ മനസ്സിനു കർമങ്ങൾക്കും അതിൽ സുപ്രധാന പങ്കുണ്ട്. അതിൽ ഏറ്റവും പ്രധാനമാണ് നേർമാർഗത്തിനും അതു മുഖേന ദൈവികപ്രീതിയും പരലോകമോക്ഷവും കാംക്ഷിക്കുക എന്നത്.

ജീവിതരീതികളും നന്നാവുക യെന്നത് ഏറെ പ്രധാനപ്പെട്ടതാണ്. മേൽ വിവരിച്ച സദ്കർമങ്ങൾ പാലിച്ചു ജീവിക്കുന്നവരെയാണ് യഥാർഥത്തിൽ ദൈവം നേർമാർഗ

ത്തിൽ ഉറപ്പിച്ചുനിർത്തുക. അതേയവസരം പിന്തിരിഞ്ഞുപോകുന്നവരെയും ചഞ്ചല രെയും അല്ലാഹു നേർമാർഗത്തിൽ അകറ്റുകയത്രെ ചെയ്യുക. കാരണം അവരുടെ മനസ്സ് ആ പാതയിൽ ഉറച്ചുനില്ക്കുകയോ അവർ അതിനെ സർവാത്മനാ ഉൾക്കൊള്ളാനും അതിനു വേണ്ടി പ്രയാസം സഹിക്കാനും സന്നധരല്ല എന്നതുതന്നെ. അത്തരക്കാർക്കുള്ളതല്ല ഈ വിജയവീഥി. ചിന്താപരമായും കർമപരമായും ദൈവികമാർഗത്തിൽ ഉറച്ചുനില്ക്കാനും പ്രയാസം സഹിക്കാനും തയാറുള്ളവർക്കാണ് അവൻ നേർമാർഗം കാണിക്കുകയുള്ളൂ. അത് അവൻെറ ബാധ്യതയാകുന്നു.

ഇക്കാര്യം പ്രവാചകനോട് തന്നെ അല്ലാഹു അരുളുകയുണ്ടായി. നീ ഇഷ്ടപ്പെട്ടവരെ നേർമാർഗത്തിലാക്കാൻ നിനക്ക് സാധിക്കുകയില്ല എന്ന് ഖുർആനിൽ പല സ്ഥലങ്ങളിലും പ്രഖ്യാപിച്ചത് കാണാം. വിജയത്തിനുള്ള മാർഗത്തിൽ പ്രവേശിക്കാൻ ചിന്താപരമായും കർമപരമായും തെളിയിക്കുകയെന്നതാണ് പ്രധാനം. അത്തരക്കാർ ചെയ്യുന്ന നന്മകളിലൂടെ അവർക്കവൻ നേർമാർഗം കാണിച്ചുകൊടുക്കുന്നു.

---

(١٣) وَإِنَّ لَنَا لَلْآخِرَةَ وَالْأُولَىٰ വഇന്ന ലനാ ലൽ ആഖിറത വൽഊലാ

തീർച്ചയായും നമുക്കുള്ളതാകുന്നു പരലോകവും ഇഹലോകവും.

---

ഏകദൈവത്തിൻെറ അധികാരം പ്രപഞ്ചങ്ങളിലും മറുലോകത്തു ഒരുപോലെ വ്യാപകമാണ്. മറ്റാർക്കും അതിൽ പങ്കില്ല. അവൻെറ അധികാരത്തിൽ കൈകടത്തി ആർക്കും ഒന്നും ചെയ്യാൻ സാധിക്കുകയുമില്ല. അവൻ ഇഹലോകത്ത് എത്ര വലിയ ജനസ്വാധീനം ഉള്ളവനായാലു ജനം ദിവ്യനെന്ന് കണക്കാക്കി പൂജിക്കപ്പെട്ടവനായാലും ശരി ദൈവികതീരുമാനങ്ങളിലും അധികാരത്തിലും സൃഷ്ടി താല്പര്യം ഒട്ടും മാനിക്കപ്പെടുകയില്ല.

പരലോകവും ഇഹലോകവും അവൻെറ താല്പര്യങ്ങൾക്കനുസൃതമായാണ് ചലിക്കുന്നത്. മറ്റാർക്കും അതിൽ അല്പം സ്വാധീനം ചെലുത്താൻ സാധിക്കുകയില്ല. എല്ലാം അവൻെറ നിശ്ചയത്തിനും നിയന്ത്രണത്തിനും വിധേയം.

ദുഷ്കർമങ്ങൾ ചെയ്തു മരണമടഞ്ഞവരെ അവൻെറ ശിക്ഷയിൽനിന്ന് രക്ഷപ്പെടുത്താൻ അവനല്ലാതെ മറ്റാർക്കും സാധിക്കുകയില്ല. അവരുടെ ശിക്ഷയിൽ അല്പം പോലും ഇളവ് വരുത്താനും ആർക്കും സാധിക്കുകയില്ല.

---

(١٤) فَأَنذَرْتُكُمْ نَارًا تَلَظَّىٰ ഫഅൻദർതുകും നാറൻ തലള്ളാ

അതിനാൽ ആളിക്കത്തുന്ന നരകത്തെപ്പറ്റി ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പ് നല്കിയിരിക്കുന്നു.

---

ശിക്ഷ ലഭിക്കുമെന്ന വ്യക്തമായ മുന്നറിയിപ്പുണ്ടായിട്ടും ദുർമാർഗത്തിൽ ചലിക്കുന്നവരെ സംബന്ധിച്ച് അവർക്കുള്ളത് ആളിക്കുത്തുന്ന നരകം മാത്രമാകുന്നു. നന്മയുടെ വഴിയേതെന്ന് മനസ്സിലാക്കുകയും അതിനാവശ്യമായ കർമം വ്യക്തമാവുകയും ചെയ്തിട്ടും ദുർമാർഗം തെരഞ്ഞെടുത്തവർക്ക് ആ വഴി എളുപ്പമാക്കിക്കൊടുക്കുകയും അതിൻെറ പരിണതിയായി നരകത്തിലേക്കുള്ള വഴി അവർക്ക് എളുപ്പമാക്കുകയും ചെയ്യും.

---

(١٥) لَا يَصْلَاهَا إِلَّا الْأَشْقَى ലാ യസ്ലാഹാ ഇല്ലൽ അശ്ഖാ

ഏറ്റവും ദുഷ്ടനായവനല്ലാതെ അതിൽ പ്രവേശിക്കുകയില്ല.

---

ദുഷ്ടൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ബുദ്ധിയും വിവേകവും ഉണ്ടായിട്ടും പ്രവാചകന്മാരുടെ അധ്യാപനം വ്യക്തമായി മുമ്പിലുണ്ടായിട്ടും അതെല്ലാം ജീവിത സൗഖ്യങ്ങൾക്കായി നിരാകരിച്ചു ദുർമാർഗം തെരഞ്ഞെുത്തവനാണ്.

പരലോകവിജയം വരിക്കുന്നതിന് വിവിധങ്ങളായ ദൈവികസംവിധാനങ്ങൾ കൺമുമ്പിലുണ്ടായിട്ടും അവ നിരാകരിച്ചു പിശാചിന് വിധേയനായി ജീവിക്കുകയെന്നതാണ് ഏറ്റവും വലിയ ദൗർഭാഗ്യം.

---

(١٦)الَّذِي كَذَّبَ وَتَوَلَّىٰ അല്ലദീ കദ്ദബ വതവല്ലാ

നിഷേധിച്ചു തള്ളുകയും പിന്തിരിഞ്ഞുകളയുകയും ചെയ്തവനായ.

---

അത്തരക്കാരുടെ ലക്ഷണമാണ് നന്മയെ നിരാകരിക്കുകയെന്നത്. സ്വയം തെരഞ്ഞെടുത്ത ദുർമാർഗം നല്ലതാണെന്ന പിടിവാശിയും നല്ലതിനെ അംഗീകരിക്കാതിരിക്കുമാറ് അഹങ്കാരവും സ്വയംപര്യാപ്തിയും നടിക്കുകയും ചെയ്യുകയാണ് നന്മയിൽനിന്ന് പിന്തിരിയലിൻെറ അടയാളം. ചരിത്രത്തിൽ ഫറവോൻ, ഖാറൂൻ, ഹാമാൻ, നംറൂദ് തുടങ്ങിയ ദൈവനിഷേധികളെ ഖുർആൻ പരിചയപ്പെടുത്തിയിട്ടുണ്ട്. അവരുടെയൊക്കെ പരാജയത്തിൻെറ കാരണമായി ഖുർആൻ വ്യക്തമാക്കിയത് അഹങ്കരിക്കുകയും സ്വയംപര്യാപ്തരാണെന്ന് നിഗളിച്ചു സത്യത്തെ നിരാകരിക്കുകയും പ്രവാചകന്മാരുടെ ഉദ്ബോധനങ്ങളിൽനിന്ന് പിന്തിരിയുകയും ചെയ്തതാണെന്ന് ഖുർആൻ വ്യക്തമാക്കുന്നു.

---

(١٧)وَسَيُجَنَّبُهَا الأَتْقَى വസനുയസ്സിറുഹു ലിൽ യുസ്റാ

പരിശുദ്ധി നേടിയവൻ അതിൽനിന്ന് അകറ്റപ്പെടും

(١٨)الَّذِي يُؤْتِي مَالَهُ يَتَزَكَّىٰ അല്ലദീ യുഅ്തീ മാലുഹു യതസക്കാ

പരിശുദ്ധി നേടുന്നതിനായി തൻെറ ധനം നല്കുന്നവനാണവൻ.

---

നരകത്തിൽനിന്ന് രക്ഷപ്പെടുന്നവരുടെ ലക്ഷണങ്ങളാണിത്. സാമ്പത്തികമായി തന്നെ ഏത് വിധേന പരിഗണിക്കുന്നുവോ അതേ വിധം മറ്റുള്ളവരെയും പരിഗണിക്കുകയെന്നതാണ് അത്തരക്കാരുടെ ലക്ഷണം. അതാകട്ടെ, പരിശുദ്ധി നേടാനുള്ള പോംവഴിയായാണ് അവർ കാണുന്നത്.

ധനം തൻെറത് മാത്രമാണെന്ന ധാരണ അവർക്കുണ്ടാകുകയില്ല. അവകാശികൾക്കും ചോദിച്ചുവരുന്നവർക്കും ദാനം ചെയ്യുന്നവരായിരിക്കും അവർ. സമ്പന്നാവസ്ഥയിലും ദാരിദ്ര്യാവസ്ഥയിലും സ്വകാര്യമായി ദാനധർമങ്ങളിൽ നിഷ്ഠ പുലർത്തുന്നവരുമായിരിക്കും അവർ.

ദാനം നല്കുകയെന്നതാണ് സ്വയം സംസ്കൃതനാകാനുള്ള മാർഗം. ശരീരം കൊണ്ട് ആർക്കും എത്ര വേണമെങ്കിലും ത്യാഗം സഹിക്കാം. എന്നാൽ സാമ്പത്തികമായി ത്യാഗം സഹിക്കാൻ ആരും പെട്ടെന്നൊന്നും തയാറാവുകയില്ല. വിശിഷ്യാ അതിനു വേണ്ടി ഓടി നടക്കുമ്പോൾ ദാനധർമങ്ങൾ അലോസരപ്പെടുത്തുകയാണ് ചെയ്യുക.

നിങ്ങൾ ഒരു ചുള കാരക്കയുടെ കീറ് കൊണ്ടെങ്കിലും നരകത്തെ സൂക്ഷിക്കണമെന്ന് പ്രവാചകൻ മുഹമ്മദ് പഠിപ്പിക്കുകയുണ്ടായി.

വിശുദ്ധി കൈവരിക്കാനുള്ള മാനസികസംവിധാനമാണ് ധർമം ചെയ്യൽ. ആത്മീയമായി അതിൻെറ പ്രതിഫലം മഹത്തായതുമാണ്. ദൈവികപൊരുത്തവും നരകവിമോചനവും അതിൻെറ വഴിയിലാണ് സ്ഥിതി ചെയ്യുന്നത്.

ധനം മനുഷ്യൻെറതല്ല. അവൻ അതിലെ കൈകാര്യകർത്താവ് മാത്രമാണ്. ധനത്തിൻെറ ഉടമ ഏകദൈവമാകുന്നു. അവൻെറ നിർദ്ദേശാനുസാരമാണ് മനുഷ്യൻ തൻെറ സമീപിക്കേണ്ടത്. അതിനു വിരുദ്ധമായി ജീവിക്കുന്നത് ജീവിതവിശുദ്ധി നേടുകയില്ല. അത്തരക്കാരുടെ പരലോകപരിണതി നരകമാകുന്നു.

---

(١٩)وَمَا لِأَحَدٍ عِندَهُ مِن نِّعْمَةٍ تُجْزَىٰ വമാ ലിഅഹദിൻ ഇൻദഹു മിൻനിഅ്മതിൻ തുജ്സാ

പ്രത്യുപകാരം നല്കപ്പെടേണ്ടതായ യാതൊരു അനു ഗ്രഹവും അവൻെറ പക്കൽ ഒരാൾക്കുമില്ല.

. ﴿إِلَّا ابْتِغَاءَ وَجْهِ رَبِّهِ الأَعْلَى (٢٠)﴾ ഇല്ലബ്തിഗാഅ വജ്ഹി റബ്ബിഹിൽ അഅ്ലാ

തൻെറ അത്യുന്നതനായ നാഥൻെറ പ്രീതി തേടുക എന്നതല്ലാതെ.

---

അത്തരക്കാർ വല്ലവർക്കും ഉപകാരം ചെയ്യുന്നത് അവരോട് പ്രത്യുപകാരം പ്രതീക്ഷിച്ചുകൊണ്ടല്ല. അവർ വല്ല വിധേനയും തന്നെ സഹായിക്കണമെന്ന ചിന്തയും അവർക്കുണ്ടാവുകയില്ല. ഏതെങ്കിലും വിധത്തിലുള്ള ഉപാധിയുടെ പിൻബലത്തിലായിരിക്കുകയില്ല അവർ ജനത്തിന് ഉപകാരം ചെയ്യുന്നത്.

എടുത്തുപറഞ്ഞു പ്രയാസപ്പെടുത്തിയോ വേല ചെയ്യിപ്പിച്ചോ താൻ ചെയ്ത ഉപകാരത്തിന് പകരം ചെയ്ത് ദൈവികപ്രതിഫലം നഷ്ടപ്പെടുത്തുന്നവരല്ല അവർ. അത്തരം ഒരു വികാരവും അവരുടെ കർമങ്ങളിൽ ഉണ്ടാവുകയില്ല.

ചരിത്രത്തിൽ ഇതിന് ഒട്ടേറെ മാതൃക കാണാം. ആരോരുമില്ലാത്തവരെ ഖലീഫ അബൂബക്കർ പരിചരിച്ചത്, ഖുറൈശികളുടെ പീഡനത്തിൽനിന്ന് പല പാവങ്ങളെയും അദ്ദേഹം പണം കൊടുത്തു വാങ്ങി മോചിപ്പിച്ചത്, നാട്ടിൽ ക്ഷാമം പിടിപെട്ടപ്പോൾ ഉഥ്മാൻ തൻെറ കച്ചവട സാധനങ്ങൾ ദരിദ്രർക്കിടയിൽ വിതരണം ചെയ്തത് തുടങ്ങി അവർ ചെയ്ത ഉപകാരങ്ങൾക്കൊന്നിനും അല്ലാഹുവിൻെറ പ്രീതിയെന്ന അത്യുന്നത വികാരമല്ലാതെ മറ്റൊരു ചിന്തയും അവർക്കുണ്ടായിരുന്നില്ല. ഈ വചനം അബൂബക്കർ സിദ്ധീഖിനെ സംബന്ധിച്ച് അവതരിച്ചതാണെന്ന് അഭിപ്രായവുമുണ്ട്.

---

﴿وَلَسَوْفَ يَرْضَى (٢١)﴾ വലസൗഫ യർദാ

വഴിയെ അവൻ തൃപ്തിപ്പെടുന്നതാകുന്നു.

---

അത്തരക്കാർക്ക് അതിനുള്ള പ്രതിഫലം പിന്നീട് നല്കുന്നതാണ്. ഏകദൈവത്തിൽനിന്നുള്ള വലിയ വാഗ്ദാനമാണിത്. ഏകദൈവ വിശ്വാസി ചെയ്യുന്ന എല്ലാ നല്ല കാര്യങ്ങൾക്കും ഇഹത്തിൽ വെച്ച് പ്രതിഫലം ലഭിക്കുകയില്ല. അതിൻെറ അന്തിമതീരുമാനവും പ്രതിഫലവും പരലോകത്ത് വെച്ചാണ് ലഭിക്കുക. നന്മ അനുസരിച്ച് ജീവിക്കുവാൻ സഹിച്ച ത്യാഗങ്ങൾക്ക് അവിടെ വെച്ച് തികഞ്ഞ നീതിയുടെ അടിസ്ഥാനത്തിൽ പ്രതിഫലം ലഭിക്കുകയെന്നതാണല്ലോ ഒരാളുടെ തൃപ്തിക്കാധാരം.